(ബി) ഇവയുടെ കാറ്റഗറി തിരിച്ച് പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഓരോ എക്സ്ചേഞ്ചിലും പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരിൽ ടി.ടി.സി., ബി.എഡ്. വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്രയെന്നും വികലാംഗർ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) 2003-04 വർഷത്തിൽ എത്രപേർക്ക് ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) കണ്ണൂർ ജില്ലയിൽ നാല് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ
2. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി
3. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ്
4. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മട്ടന്നൂർ.

(സി)
1. കണ്ണൂർ .. 60589
2. തലശ്ശേരി .. 49683
3. തളിപ്പറമ്പ് .. 72502
4. മട്ടന്നൂർ .. 38279

(ഡി) ഇവരിൽ ടി.ടി.സി.-ക്കാർ 966 പേരും, ബി.എഡ്. യോഗ്യതയുള്ളവർ 2808 പേരും വികലാംഗർ 43 പേരുമാണുള്ളത്.

(ഇ) 2003-04 വർഷത്തിൽ കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 371 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി

77 [1216] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വികസനാവശ്യങ്ങളും ആനുകാലിക തൊഴിൽ സാദ്ധ്യതകളും ലക്ഷ്യമാക്കിക്കൊണ്ട് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിലേയ്ക്ക് ഒരു വിദഗ്ദ്ധ സംഘത്തെ നിയമിച്ച് സമയബന്ധിതമായി കോഴ്സുകൾ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) യൂത്ത്കോം പദ്ധതിയനുസരിച്ച് ഐ.ടി. ട്രേഡുകൾക്കായി പഠന കേന്ദ്രങ്ങളോ പരിശീലന കേന്ദ്രങ്ങളോ തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ അവ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ഡി.ജി.ഇ.ടി. പഠനം നടത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നിലവിലില്ല.

(ഡി) ടി പദ്ധതിയനുസരിച്ചുള്ള പരിശീലന കേന്ദ്രങ്ങൾ തൊഴിൽ വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആറ്റിങ്ങൽ ഐ.ടി.ഐ.-യുടെ അംഗീകാരം

78 [1217] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ആറ്റിങ്ങൽ ഐ.ടി.ഐ.-ലെ കോഴ്സുകൾക്കും സർട്ടിഫിക്കറ്റുകൾക്കും എൻ.സി.വി.റ്റി.-യുടെ അഫിലിയേഷനോ അംഗീകാരമോ ഇല്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷാവർഷം പ്രോസ്പെക്ടസ് അടിച്ച് വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ച് പരിശീലനം കഴിഞ്ഞ് പ്രൊവിഷണൽ സർട്ടിഫിക്കറ്റുമായി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ ഇത്തരം ഒരു സാഹചര്യം ഉണ്ടാകുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാനും അവ പരിഹരിക്കുന്നതിൽ അടിയന്തിര നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ (2 യൂണിറ്റ്), സർവ്വേയർ (1 യൂണിറ്റ്), മെക്കാനിക്ക് മെഷ്യൻ ടൂൾ മെയിന്റനൻസ് (2 യൂണിറ്റ്) എന്നീ ട്രേഡുകൾ ഒഴികെയുള്ള എല്ലാ ട്രേഡുകൾക്കും എൻ.സി.വി.റ്റി. അംഗീകാരം ഉണ്ട്. 1994 ജൂലൈ വരെ പരീക്ഷ എഴുതി പാസ്സായിട്ടുള്ളവർക്ക് എൻ.സി.വി.റ്റി.-യുടെ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ പരിശീലനം നൽകിവരുന്ന 19 ട്രേഡുകളിൽ 16 എണ്ണത്തിനും എൻ.സി.വി.റ്റി.-യുടെ അംഗീകാരം ഉണ്ട്. 1996 മുതൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലുള്ള ഡി.ജി.ഇ.റ്റി. ഓഫീസിൽ നേരിട്ട് ഹാജരാക്കി എൻ.സി.വി.റ്റി. സെക്രട്ടറിയുടെ മേലൊപ്പ് വാങ്ങേണ്ടതും ഈ സർട്ടിഫിക്കറ്റുകൾ മേലൊപ്പിന് സമർപ്പിക്കുമ്പോൾ എൻ.സി.വി.റ്റി.-യുടെ അഫിലിയേഷൻ ഉത്തരവിന്റെ

LIBRARY ARCHIVES Kerala Legislative Assembly